©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ഏപ്രിൽ 06
06th April 2026
1201 മീനം 23
23rd Meenam 1201
1948 ചൈത്രം 16
16th Chaithra 1948

നമ്പർ
No.
1393

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്—ജീവനക്കാര്യം—വനം വിജിലൻസിന്റെ ഘടന, പ്രവർത്തനങ്ങൾ പരിഷ്കരിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ. (അച്ചടി) നമ്പർ 22/2025/F&WLD. തിരുവനന്തപുരം, 2025 നവംബർ 29.

പരാമർശം:—(1) സ. ഉ. (എം. എസ്.) നമ്പർ 289/71 അഗ്രി. തീയതി 23-12-1971.

(2) സ. ഉ. (എം. എസ്.) നമ്പർ 4/75 തീയതി 21-1-1975.

(3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആന്റ് ഫോറസ്റ്റ് ഇന്റലിജൻസ്)-ന്റെ 30-5-2025, 11-10-2025 തീയതികളിലെ KFDHQ/5064/2025-VIG/VE5, KFDHQ/6402/2024-VIG/VE2 നമ്പർ കത്തുകൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

വനം വന്യജീവി വകുപ്പിന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനും അവയുടെ വ്യവസ്ഥാപിത വിലയിരുത്തലിനും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനുമായി പരാമർശം (1) പ്രകാരം വനം വിജിലൻസ് വിഭാഗം രൂപീകരിച്ചിരുന്നു. തുടർന്ന് വനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുക, വകുപ്പുതല ജോലികളുടേയും, പുനരുദ്ധാരണ മേഖലകളുടെ നിരീക്ഷണവും, വിലയിരുത്തലും, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ക്രമരഹിതമായ പ്രവർത്തനങ്ങൾ കണ്ടെത്തുക തുടങ്ങി വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(2) വനം വിജിലൻസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കാലാനുസൃതവുമാകുന്നവിധം വിജിലൻസിന്റെ ഘടന, പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിലേക്കായി വിശദമായ ശിപാർശ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആന്റ് ഫോറസ്റ്റ് ഇന്റലിജൻസ്) ലഭ്യമാക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വിജിലൻസിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ദിശാബോധം നൽകുന്നതിനായി വനം വിജിലൻസിന്റെ ഘടന, പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

I. വനം വിജിലൻസ് ലക്ഷ്യങ്ങൾ (Objectives of Forest Vigilance)

അതതു കാലഘട്ടത്തിലെ സർക്കാർ നയങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി വനം വകുപ്പിന്റെ പ്രവർത്തങ്ങളിൽ സുതാര്യത, സത്യസന്ധത, ഉത്തരവാദിത്വം എന്നിവ ഉറപ്പുവരുത്തുക എന്നതാണ് വനം വിജിലൻസിന്റെ പ്രാഥമിക ലക്ഷ്യം.

II. വനം വിജിലൻസ് ധർമങ്ങൾ (Functions of Forest Vigilance)

(1) വനം വകുപ്പിന്റെ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളും വീഴ്ചകളും കണ്ടെത്തുക.

(2) വനം വിജിലൻസ് പരാതികൾ അന്വേഷിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക.

(3) വനം വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായേക്കാവുന്ന ക്രമക്കേടുകളും വീഴ്ചകളും മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുക.

(4) മേൽ പരാമർശിത ധർമ്മങ്ങൾ നിറവേറ്റുന്നതിനാവശ്യമായ വനം വിജിലൻസ് പ്രവർത്തനങ്ങൾ (Forest Vigilance Activities) ആസൂത്രണം ചെയ്തുനടപ്പിലാക്കുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായേക്കാവുന്ന അഴിമതികൾ യഥാസമയം കണ്ടെത്തുക.

(6) അധികാര പരിധിയിൽ കണ്ടെത്തുന്ന വനം വന്യജീവി കുറ്റകൃത്യങ്ങൾ തടയുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യുക.

III. വനം വിജിലൻസ് അന്വേഷണ പരിധിയിൽ ഉൾപ്പെടുന്ന വിഷയങ്ങൾ (Forest Vigilance Mandates)

(1) വനം വന്യജീവി കുറ്റകൃത്യങ്ങൾ

(2) വനം ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ

(3) വനം വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടേക്കാവുന്ന അഴിമതി, വഞ്ചന, മറ്റ് ക്രമക്കേടുകൾ എന്നിവ

(4) വനം വകുപ്പിൽ നടത്തപ്പെടുന്ന പ്രവർത്തികളിലെ ക്രമക്കേടുകൾ

(5) വനം വന്യജീവി ഉത്പന്നങ്ങളുടെ അനധികൃതമായ കടത്തൽ

(6) ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന വീഴ്ചകളും കൃത്യവിലോപങ്ങളും

(7) ജീവനക്കാരുടെ സ്വജനപക്ഷപാതം

(8) സർക്കാർ വസ്തുവകകൾക്കോ, വരുമാനത്തിനോ, അവകാശങ്ങൾക്കോ, കുടിശ്ശികകൾക്കോ ഉണ്ടാക്കുന്ന നഷ്ടം

(9) സർക്കാരിനെതിരെ ജീവനക്കാരുടെ തെറ്റായ അവകാശവാദങ്ങൾ

(10) ജീവനക്കാരന്റെ ഭാഗത്തുനിന്നുണ്ടാകുന്ന സത്യസന്ധമല്ലാത്തതോ മന:പൂർവ്വമോ ആയിട്ടുള്ള പെരുമാറ്റ ദൂഷ്യങ്ങളും അധികാര ദുർവിനിയോഗവും

(11) സർക്കാർ കാര്യങ്ങൾ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്ന അനാവശ്യമായ കാലതാമസം

(12) സർക്കാർ വസ്തുവകകളുടെ അപഹരണവും ദുരുപയോഗവും

(13) പങ്കാളിത്ത വനപരിപാലനത്തിലൂന്നിയ പ്രവർത്തനങ്ങളുടെ നിരീക്ഷണവും പരിശോധനയും

(14) സർക്കാരിതര ഫണ്ടുകളുടെ ആർജ്ജിക്കലും വിനിയോഗവും

(15) വനത്തിന് പുറത്ത് വനം വകുപ്പ് നടത്തുന്ന ജൈവ വൈവിധ്യ പരിപാലന പ്രവർത്തനങ്ങൾ

(16) വനം വകുപ്പ് ഏറ്റെടുത്ത് നടത്തപ്പെടുന്ന ഗവേഷണ പദ്ധതികൾ

(17) മാനവ വിഭവശേഷി വിഭാഗം നടത്തപ്പെടുന്ന പരിശീലന പരിപാടികൾ

(18) വനം വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ

(19) ഫോറസ്റ്റ് കൺസർവേഷൻ നിയമപ്രകാരം നൽകുന്ന അനുമതികളും പരിഹാര വനവത്കരണവും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(20) വനം വകുപ്പുമായി ബന്ധപ്പെട്ടതോ, വനം വകുപ്പ് കക്ഷിയായിട്ടുള്ളതോ ആയ വ്യവഹാരങ്ങൾ

(21) വനം ഉദ്യോഗസ്ഥരിൽ നിന്നും സർക്കാരിന്റെയോ വകുപ്പിന്റെയോ പ്രതിച്ഛായ്ക്ക് കളങ്കമാകുന്ന സമൂഹ മാധ്യമങ്ങളിലേത് ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തികളും

(22) സർക്കാരിൽ നിന്നും പ്രത്യേകമായി നൽകുന്ന അന്വേഷണ ചുമതലകൾ.

IV. വനം വിജിലൻസ് ഘടന (Structure of Forest Vigilance)

ചീഫ് കൺസർവേറ്ററിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥനാണ് വനം വിജിലൻസ് മേധാവി. വിജിലൻസ് ആന്റ് ഫോറസ്റ്റ് ഇന്റലിജൻസ് എന്നതാണ് വനം വിജിലൻസ് മേധാവിയുടെ പദവി.

വിജിലൻസ് പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വനം വിജിലൻസ് മേധാവിക്ക് കീഴിൽ കോട്ടയം, കോഴിക്കോട് ആസ്ഥാനമാക്കി ഓരോ കൺസർവേറ്റർമാർ നിലവിലുണ്ട്. ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ എന്നതാണ് കൺസർവേറ്റർമാരുടെ പദവി.

ഓരോ കൺസർവേറ്റർമാർക്കും കീഴിൽ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനുകളും, ഓരോ ഫ്ലയിങ് സ്ക്വാഡ് ഡിവിഷന് കീഴിലും ഫ്ലയിങ് സ്ക്വാഡ് റേഞ്ചുകളും രൂപീകരിച്ചിട്ടുണ്ട്.

നിലവിലെ ഫ്ലയിങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകൾ വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസായും, ഫ്ലയിങ് സ്ക്വാഡ് റേഞ്ച് ഫോറസ്റ്റ് ഓഫീസുകൾ വനം വിജിലൻസ് റേഞ്ച് ഫോറസ്റ്റ് ഓഫീസുകളായും, ഫ്ലയിങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ പദവി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്), റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പദവി റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്) എന്നും പുന:നാമകരണം ചെയ്തിരിക്കുന്നു.

വനം വിജിലൻസ് മേധാവിയെ സാങ്കേതികമായി സഹായിക്കുന്നതിനായി വിജിലൻസ് മേധാവിയുടെ ഓഫീസിൽ അസിസ്റ്റന്റ്/ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള നാല് ഉദ്യോഗസ്ഥരെ നിയമിച്ചിരിക്കുന്നു.

ഫ്ലയിങ് സ്ക്വാഡ് റേഞ്ച് കൺട്രോൾ റൂം, ഫ്ലയിങ് സ്ക്വാഡ് റേഞ്ച് പുനലൂർ എന്നിവ യഥാക്രമം വനം വിജിലൻസ് റേഞ്ച് ഫോറസ്റ്റ് ഓഫീസ്, തിരുവനന്തപുരം, വനം വിജിലൻസ് റേഞ്ച് ഫോറസ്റ്റ് ഓഫീസ്, പത്തനാപുരം എന്നിങ്ങനെ പുന:നാമകരണം ചെയ്തിരിക്കുന്നു.

വനം വിജിലൻസിന് കീഴിലെ വിവിധ ഓഫീസുകളുടെ ഘടന, അധികാര പരിധി, ജീവനക്കാരുടെ അംഗീകൃത അംഗബലം എന്നിവ യഥാക്രമം അനുബന്ധം 1, അനുബന്ധം 2 ആയി നൽകിയിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

V. അധികാരങ്ങൾ (Powers)

(i) വനം വിജിലൻസ് മേധാവി

(1) വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും.

(2) വനം വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകുക.

(3) വനം വിജിലൻസ് പരാതികൾ തീർപ്പാക്കുക.

(4) അധികാര പരിധിയിലെ വനം ഓഫീസുകൾ, വനമേഖലകൾ, പ്രവർത്തി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകൾ ആവശ്യപ്പെടുന്നതിനുമുള്ള അധികാരം.

(ii) ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർമാർ

(1) അധികാര പരിധിയിലെ വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും.

(2) വനം വിജിലൻസ് പരാതികളുടെ അന്വേഷണം.

(3) അധികാര പരിധിയിലെ വനം ഓഫീസുകൾ, വനമേഖലകൾ, പ്രവർത്തി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകൾ ആവശ്യപ്പെടുന്നതിനുമുള്ള അധികാരം.

(4) വനം-വന്യജീവി കുറ്റകൃത്യങ്ങളിൽ ഫോറസ്റ്റ് കൺസർവേറ്റർക്ക് ലഭ്യമായിട്ടുള്ള പൊതുവായ അധികാരങ്ങൾ.

(iii) വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(1) അധികാര പരിധിയിലെ വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നിയന്ത്രണം, ഏകോപനം, നടപ്പാക്കൽ.

(2) വനം വിജിലൻസ് പരാതികളുടെ അന്വേഷണം.

(3) അധികാര പരിധിയിലെ വനം ഓഫീസുകൾ, വനമേഖലകൾ, പ്രവർത്തി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകൾ ആവശ്യപ്പെടുന്നതിനുമുള്ള അധികാരം.

(4) വനം വിജിലൻസ് പരാതികളിലെ അന്വേഷണ ഉദ്യോഗസ്ഥനോ, അദ്ദേഹം നിയോഗിക്കുന്ന മറ്റ് ഉദ്യോഗസ്ഥനോ വേണ്ടി തെളിവുകൾ ശേഖരിക്കുന്നതിനും, മൊഴികൾ രേഖപ്പെടുത്തുന്നതിനുമുള്ള അധികാരം.

(5) വനം-വന്യജീവി കുറ്റകൃത്യങ്ങളിൽ അസിസ്റ്റന്റ്/ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർക്ക് ലഭ്യമായിട്ടുള്ള പൊതുവായ അധികാരങ്ങൾ.

(iv) റേഞ്ച് ഫോറസ്റ്റ് ഓഫീസർ

(1) അധികാര പരിധിയിലെ വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നിയന്ത്രണം, ഏകോപനം, നടപ്പാക്കൽ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി അന്വേഷണങ്ങൾ നടത്തുകയും വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സോഴ്സ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുമുള്ള അധികാരം.

(3) അധികാര പരിധിയിലെ വനം ഓഫീസുകൾ, വനമേഖലകൾ, പ്രവർത്തി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകൾ ആവശ്യപ്പെടുന്നതിനുമുള്ള അധികാരം.

(4) വനം വിജിലൻസ് പരാതികളിലെ അന്വേഷണ ഉദ്യോഗസ്ഥനോ, അദ്ദേഹം നിയോഗിക്കുന്ന മറ്റു ഉദ്യോഗസ്ഥനോ വേണ്ടി തെളിവുകൾ ശേഖരിക്കുന്നതിനും, മൊഴികൾ രേഖപ്പെടുത്തുന്നതിനുമുള്ള അധികാരം.

(5) വനം-വന്യജീവി കുറ്റകൃത്യങ്ങളിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ലഭ്യമായിട്ടുള്ള പൊതുവായ അധികാരങ്ങൾ.

(v) സെക്ഷൻ ഫോറസ്റ്റ് ഓഫീസർ/ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(1) അധികാര പരിധിയിലെ വനം ഓഫീസുകൾ, വനമേഖലകൾ, പ്രവർത്തി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും, ആവശ്യമായ രേഖകൾ ആവശ്യപ്പെടുന്നതിനുമുള്ള അധികാരം.

(2) വനം വിജിലൻസ് പരാതികളിലെ അന്വേഷണ ഉദ്യോഗസ്ഥനോ, അദ്ദേഹം നിയോഗിക്കുന്ന മറ്റ് ഉദ്യോഗസ്ഥനോ വേണ്ടി തെളിവുകൾ ശേഖരിക്കുന്നതിനും, മൊഴികൾ രേഖപ്പെടുത്തുന്നതിനുമുള്ള അധികാരം.

(3) വനം-വന്യജീവി കുറ്റകൃത്യങ്ങളിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ/ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് ലഭ്യമായിട്ടുള്ള പൊതുവായ അധികാരങ്ങൾ.

VI. ധനകാര്യ അധികാരങ്ങൾ (Financial Powers)

അതത് സമയത്ത് നിലനിൽക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക അധികാരം വിജിലൻസ് വിഭാഗത്തിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് കൺസർവേറ്റർ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർക്ക് ബാധകമായിരിക്കും.

VII. ചുമതലകളും കർത്തവ്യങ്ങളും (Duties and Responsibilities)

(i) വനം വിജിലൻസ് മേധാവി

(1) വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും.

(2) വനം വിജിലൻസ് അന്വേഷണങ്ങൾ സമയ ബന്ധിതമായി തീർപ്പാക്കി റിപ്പോർട്ടുകൾ/നിർദ്ദേശങ്ങൾ യഥാസമയം സർക്കാരിലേക്ക്/ബന്ധപ്പെട്ട ഓഫീസിലേക്ക് നൽകുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) വനം വിജിലൻസിന്റെ ലക്ഷ്യങ്ങൾ പ്രാപ്യമാകുന്ന തരത്തിലുള്ള വനം വിജിലൻസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

(ii) ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർമാർ

(1) അധികാര പരിധിയിലെ വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നിയന്ത്രണം, ഏകോപനം, നടപ്പാക്കൽ.

(2) വനം വിജിലൻസ് അന്വേഷണങ്ങൾ സമയ ബന്ധിതമായി തീർപ്പാക്കി റിപ്പോർട്ടുകൾ യഥാസമയം വനം വിജിലൻസ് മേധാവിയുടെ ഓഫീസിലേക്ക് സമർപ്പിക്കുക.

(3) വനം വിജിലൻസിന്റെ ലക്ഷ്യങ്ങൾ പ്രാപ്യമാകുന്ന തരത്തിലുള്ള വനം വിജിലൻസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

(iii) വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

(1) അധികാര പരിധിയിലെ വനം വിജിലൻസ് പ്രവർത്തനങ്ങളുടെ നിയന്ത്രണം, ഏകോപനം, നടപ്പാക്കൽ എന്നിവ.

(2) വനം വിജിലൻസ് അന്വേഷണങ്ങൾ സമയ ബന്ധിതമായി തീർപ്പാക്കി റിപ്പോർട്ടുകൾ യഥാസമയം വനം വിജിലൻസ് കൺസർവേറ്റർക്ക് സമർപ്പിക്കുക.

(3) ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർ അന്വേഷണ ഉദ്യോഗസ്ഥനായ പരാതികളുടെ അന്വേഷണത്തിന്റെ ഭാഗമായി മൊഴികൾ രേഖപ്പെടുത്തുന്നതിനും, തെളിവുകൾ ശേഖരിക്കുന്നതിനുമുള്ള അധികാരം.

(4) അധികാര പരിധിയിൽ കണ്ടെത്തുന്ന വനം വന്യജീവി കുറ്റകൃത്യങ്ങൾ തടയുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യുക.

(5) വനം കുറ്റകൃത്യങ്ങളിലെ അന്വേഷണ നടപടികൾ നിരീക്ഷിക്കുകയും ശരിയായ അന്വേഷണം ഉറപ്പുവരുത്തുകയും ചെയ്യുക.

(6) വനം ഉദ്യോഗസ്ഥർക്കിടയിലെ അഴിമതി കണ്ടെത്തുകയും ഇല്ലാതാക്കുകയും ചെയ്യുക.

(7) എല്ലാ വകുപ്പുതല പ്രവർത്തികളുടെയും പദ്ധതികളുടെയും നിരീക്ഷണവും മൂല്യനിർണയവും.

(8) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്നു ഉറപ്പുവരുത്തുക.

(9) രഹസ്യ വിവര ശേഖരണവും ഗുപ്ത പ്രവർത്തനങ്ങളും നടപ്പാക്കുക.

(10) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, പങ്കാളിത്ത വനപരിപാലന പദ്ധതികളുടേയും ബന്ധപ്പെട്ട സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ക്രമക്കേടുകൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും ചെയ്യുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(11) വനം വകുപ്പിന്റെ പ്രവർത്തന ക്ഷമത വർധിപ്പിക്കുന്നവിധത്തിൽ സമയോചിത മൂല്യനിർണ്ണയങ്ങൾ (Evaluation) നടത്തി റിപ്പോർട്ട് ചെയ്യുക.

(12) വനം വിജിലൻസിന്റെ ലക്ഷ്യങ്ങൾ പ്രാപ്യമാകുന്ന തരത്തിലുള്ള വനം വിജിലൻസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

(13) വനം ഇന്റലിജൻസിന്റെ ഗുപ്ത പ്രവർത്തനങ്ങൾക്കും മറ്റു രഹസ്യ വിവര ശേഖരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ പിന്തുണ നൽകുക.

(iv) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ

(1) വിജിലൻസ് മേധാവിയുടെ മുന്നിലെത്തുന്ന വനം വിജിലൻസ് അന്വേഷണ റിപ്പോർട്ടിനെ സാങ്കേതിക പരിശോധനയ്ക്കും വിശകലനത്തിനും വിധേയമാക്കുക.

(2) വിജിലൻസ് മേധാവിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഔദ്യോഗിക കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകുക.

(v) റേഞ്ച് ഫോറസ്റ്റ് ഓഫീസർ

(1) അധികാര പരിധിയിലെ വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നിയന്ത്രണം, ഏകോപനം, നടപ്പാക്കൽ.

(2) വനം വിജിലൻസ് അന്വേഷണങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ സോഴ്സ് റിപ്പോർട്ടുകൾ യഥാസമയം വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കുക.

(3) ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർ/വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണ ഉദ്യോഗസ്ഥനായ പരാതികളുടെ അന്വേഷണത്തിന്റെ ഭാഗമായി മൊഴികൾ രേഖപ്പെടുത്തുകയും, തെളിവുകൾ ശേഖരിക്കുകയും ചെയ്യുക.

(4) അധികാര പരിധിയിൽ കണ്ടെത്തുന്ന വനം വന്യജീവി കുറ്റകൃത്യങ്ങൾ തടയുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യുക.

(5) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

(6) രഹസ്യ വിവര ശേഖരണവും ഗുപ്ത പ്രവർത്തനങ്ങളും നടപ്പാക്കുക.

(7) പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ, ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കുകയും ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്യുക.

(8) വനം വിജിലൻസ് പ്രവർത്തനങ്ങൾ നടപ്പാക്കുക.

(9) വനം ഇന്റലിജൻസിന്റെ ഗുപ്തപ്രവർത്തനങ്ങൾക്കും മറ്റു രഹസ്യവിവര ശേഖരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ പിന്തുണ നൽകുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vi) വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർമാരുടെ ടെക്നിക്കൽ അസിസ്റ്റന്റ്

(1) വനം വിജിലൻസ് അന്വേഷണ/സോഴ്സ് റിപ്പോർട്ടിനെ സാങ്കേതികവും വസ്തുതാപരവുമായ പരിശോധനയ്ക്കും വിശകലനത്തിനും വിധേയമാക്കുക.

(2) വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്ററുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഔദ്യോഗിക കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകുക.

(vii) സെക്ഷൻ ഫോറസ്റ്റ് ഓഫീസർ/ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(1) അധികാര പരിധിയിലെ വനം വിജിലൻസിന്റെ പ്രവർത്തനങ്ങളുടെ നടപ്പാക്കൽ.

(2) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി മൊഴികൾ രേഖപ്പെടുത്തുന്നതിനും, തെളിവുകൾ ശേഖരിക്കുന്നതിനുമുള്ള അധികാരം.

(3) വനം വിജിലൻസ് അന്വേഷണങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥരെ സഹായിക്കുക.

(4) അധികാര പരിധിയിൽ കണ്ടെത്തുന്ന വനം വന്യജീവി കുറ്റകൃത്യങ്ങൾ തടയുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്യുക.

(5) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

(6) രഹസ്യ വിവര ശേഖരണവും ഗുപ്ത പ്രവർത്തനങ്ങളും നടപ്പാക്കുക.

(7) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, VSS/EDC പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കുക, ക്രമക്കേടുകൾ ഉണ്ടെങ്കിൽ കണ്ടെത്തുക.

VIII. വനം വിജിലൻസ് പ്രവർത്തനങ്ങൾ (Forest Vigilance Activities)

(1) വനം വിജിലൻസിന്റെ ലക്ഷ്യങ്ങൾ പ്രാപ്യമാകുന്നതിന് ഉതകുന്നവിധം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് വനം വിജിലൻസ് പ്രവർത്തനങ്ങൾ. വനം വിജിലൻസ് അന്വേഷണം (Forest Vigilance Enquiry), മിന്നൽ പരിശോധനകൾ (Surprise Inspections), വനം വിജിലൻസ് പരിശോധനകൾ (Regular Check), നിരീക്ഷണം (Monitoring and Surveillance), മൂല്യനിർണ്ണയം (Evaluation), സംശയാസ്പദമായ സത്യസന്ധതയുള്ള ഉദ്യോഗസ്ഥരുടെ നിരീക്ഷണം (Observation of Officers in Doubtful Integrity), കേസ് സ്റ്റഡി (Case Study), ചീഫ് ടെക്നിക്കൽ എക്സാമിനേഷൻ (CTE), രഹസ്യ വിവരശേഖരണം (Intelligence Gathering), പേരാംബുലേഷൻ (Perambulation), പട്രോളിങ് (Patrolling), വനാന്തര ക്യാമ്പിംഗ് (Interior Forest Camping) മുതലായവ വിജിലൻസ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) വനം വിജിലൻസ് അന്വേഷണം (Forest Vigilance Enquiry)

വനം വിജിലൻസ് അന്വേഷണത്തിന്റെ നിർവ്വചനം, നടപടി ക്രമങ്ങൾ എന്നിവ 10.1 മുതൽ 10.10 വരെയുള്ള പാരഗ്രാഫുകളിൽ പരാമർശിച്ചിരിക്കുന്നു.

(3) വനം വിജിലൻസ് പരിശോധന (Regular Check)

വനം വിജിലൻസിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ പുരോഗമിക്കുന്ന/ പൂർത്തിയായ ഏതെങ്കിലും പ്രവർത്തനം/പ്രവർത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മുൻകൂർ അറിയിപ്പ് നൽകി ആവശ്യമായ രേഖകളോടൊപ്പം പരിശോധിക്കപ്പെടുന്നതാണ് വനം വിജിലൻസ് പരിശോധന. പരിശോധനയുടെ കണ്ടെത്തലുകളും ശിപാർശകളുമടങ്ങിയ റിപ്പോർട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർക്കും നൽകേണ്ടതാണ്.

(4) മിന്നൽ പരിശോധന (Surprise Inspection)

വനം വിജിലൻസിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ പുരോഗമിക്കുന്ന/ പൂർത്തിയായ ഏതെങ്കിലും പ്രവർത്തനം/പ്രവർത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മുൻകൂർ അറിയിപ്പ് നൽകാതെ ആകസ്മികമായി പരിശോധിക്കപ്പെടുന്നതാണ് മിന്നൽ പരിശോധന. പരിശോധനാവേളയിൽ ആവശ്യമായ രേഖകൾ പരിശോധനാ ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതാണ്. മിന്നൽ പരിശോധനയുടെ കണ്ടെത്തലുകളും ശിപാർശകളു മടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർക്കും നൽകേണ്ടതാണ്.

(5) കേസ് സ്റ്റഡി (Case Study)

വനം വിജിലൻസിന്റെ പരിധിയിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ പൂർത്തീകരിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തനം/പ്രവർത്തിയുടെ നടപടിക്രമങ്ങൾ, നടപ്പാക്കൽ, ഗുണനിലവാരം തുടങ്ങിയ എല്ലാ വശങ്ങളും ബന്ധപ്പെട്ട രേഖകൾ സഹിതം നടത്തുന്ന സമഗ്ര പരിശോധയാണ് കേസ് സ്റ്റഡി. കേസ് സ്റ്റഡിയുടെ കണ്ടെത്തലുകളും ശിപാർശകളുമടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർക്കും വിജിലൻസ് മേധാവിക്കും നൽകേണ്ടതാണ്.

(6) ചീഫ് ടെക്നിക്കൽ എക്സാമിനേഷൻ (CTE)

വനം വകുപ്പിൽ പുരോഗമിക്കുന്ന/പൂർത്തിയായ ഉയർന്ന തുകയുടെ പ്രവർത്തി/ വാങ്ങലുകളുടെ എല്ലാ നടപടിക്രമങ്ങളും ഗുണനിലവാര പരിശോധന ഉൾപ്പെടെ സാങ്കേതികമായി പരിശോധിച്ച് എന്തെങ്കിലും വീഴ്ചകളോ ക്രമക്കേടുകളോ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ് ചീഫ് ടെക്നിക്കൽ എക്സാമിനേഷൻ. ചീഫ് ടെക്നിക്കൽ എക്സാമിനേഷനിൽ പരിശോധിക്കപ്പെടേണ്ട പ്രവർത്തി/ വാങ്ങലുകളുടെ അടങ്കൽ തുകയുടെ പരിധി അതതു സമയം വനം വിജിലൻസ് മേധാവിക്ക് തീരുമാനിക്കാവുന്നതാണ്. ചീഫ് ടെക്നിക്കൽ എക്സാമിനേഷന്റെ കണ്ടെത്തലുകളും ശിപാർശകളുമടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർക്കും വിജിലൻസ് മേധാവിക്കും നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(7) മൂല്യനിർണ്ണയം (Evaluation)

വനം വകുപ്പിൽ പുരോഗമിച്ചു/നടപ്പാക്കികൊണ്ടിരിക്കുന്ന ഏതെങ്കിലും സംവിധാനം/പ്രവർത്തനം/പ്രവർത്തി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കും വിധമാണോ നടപ്പിലാക്കപ്പെടുന്നത് എന്നുള്ള പരിശോധനയാണ് മൂല്യനിർണ്ണയം. മുൻകൂട്ടി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം മൂല്യനിർണ്ണയം നടത്തേണ്ടത്. മൂല്യനിർണ്ണയത്തിന്റെ ഫലവും ശിപാർശകളുമടങ്ങിയ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർക്കും വിജിലൻസ് മേധാവിക്കും നൽകേണ്ടതാണ്.

(8) സംശയാസ്പദമായ സത്യസന്ധതയുള്ള ഉദ്യോഗസ്ഥരുടെ നിരീക്ഷണം (Observation of Officers in Doubtful Integrity)

വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ സത്യസന്ധതയിൽ സംശയം ഉണ്ടാകുന്നപക്ഷം അത്തരക്കാരെ നിരീക്ഷിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി അവരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക പട്ടിക തയ്യാറാക്കാവുന്നതാണ്. സംശയാസ്പദമായ സത്യസന്ധതയുള്ള ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കൽ, അതിന്റെ ഉപയോഗം എന്നിവയുടെ നടപടിക്രമങ്ങളടങ്ങിയ മാർഗ്ഗനിർദ്ദേശങ്ങൾ വിജിലൻസ് മേധാവി തയ്യാറാക്കി അംഗീകരിച്ച് ഉപയോഗിക്കാവുന്നതാണ്.

IX. വനം വിജിലൻസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികളിലെ അന്വേഷണം

1. വനം വിജിലൻസ് ഉദ്യോഗസ്ഥൻ യഥാവിധി നടപ്പിലാക്കിയ ഏതെങ്കിലും വനം വിജിലൻസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ടി ഉദ്യോഗസ്ഥനെതിരെ ഏതെങ്കിലും അന്വേഷണ വിഭാഗം/കമ്മീഷൻ എന്നിവയിൽ സമർപ്പിക്കപ്പെടുന്ന പരാതികൾ തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി വനം മേധാവിയുടെ അഭിപ്രായം ആവശ്യപ്പെടേണ്ടതാണ്.

2. വനം വിജിലൻസ് ഉദ്യോഗസ്ഥൻ യഥാവിധി നടപ്പിലാക്കിയ ഏതെങ്കിലും വിജിലൻസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ടി ഉദ്യോഗസ്ഥനെതിരെ ഒരു വനം വകുപ്പ് ഉദ്യോഗസ്ഥനോ അയാളുടെ പ്രതിനിധിയോ നൽകിയ പരാതി അന്വേഷണത്തിൽ വ്യാജമാണെന്ന് കണ്ടെത്തിയാൽ ടി ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതാണ്.

X. വനം വിജിലൻസ് പരാതികളിന്മേലുള്ള നടപടിക്രമങ്ങൾ (Procedures on Forest Vigilance Complaints)

(i) വനം വിജിലൻസ് പരാതികൾ

(1) വനം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ പരിധിയിലുള്ള വിഷയങ്ങളിൽ ഉൾപ്പെടുന്നതും ഏതെങ്കിലും വനം വിജിലൻസ് ഓഫീസിൽ ഔദ്യോഗികമായി സ്വീകരിക്കപ്പെട്ട പരാതിയാണ് വനം വിജിലൻസ് പരാതി. ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണങ്ങൾ പരിശോധിക്കാനാവുന്ന തരത്തിൽ വ്യക്തവും കൃത്യവും സ്പഷ്ടവും വസ്തുതകളെ അടിസ്ഥാനമാക്കിയിട്ടുള്ളതുമായ പരാതികളാണ് വനം വിജിലൻസ് പരാതിയുടെ പരിധിയിൽ ഉൾപ്പെടുന്നത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) വനം വിജിലൻസ് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന വനം വിജിലൻസ് പരാതിയുടെ നിർവചനത്തിൽ ഉൾപ്പെടാത്ത പരാതികൾ സോഴ്സ് ഇൻഫർമേഷൻ/ ഇൻഫർമേഷൻ ആയി പരിഗണിക്കേണ്ടതാണ്.

(3) വനം വിജിലൻസിന്റെ വിവിധ ഓഫീസുകളിലേക്ക് തപാൽ വഴിയോ ഇ- മെയിൽ വഴിയോ നേരിട്ടോ പരാതികൾ നൽകാവുന്നതാണ്.

(4) പരാതിക്കാരന് തന്റെ വ്യക്തിത്വം പരസ്യപ്പെടുത്താൻ താല്പര്യ മില്ലാത്തപക്ഷം, പരാതിക്കാരന്റെ വ്യക്തിത്വത്തെ രഹസ്യമാക്കി വയ്ക്കുന്ന വിധത്തിൽ (Complainant Not to Disclose Himself) പരാതികൾ നൽകാനുള്ള സൗകര്യവും ലഭ്യമാക്കേണ്ടതാണ്.

(ii) വനം വിജിലൻസ് അന്വേഷണം

(1) വനം വിജിലൻസ് ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, സർക്കാരിൽ നിന്നുള്ള നിർദ്ദേശങ്ങൾ, പത്രമാധ്യമങ്ങൾ, സമൂഹമാധ്യമങ്ങൾ എന്നിവയിലെ വാർത്തകൾ, വനം ഇന്റലിജൻസ് റിപ്പോർട്ട്, രഹസ്യ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വനം വിജിലൻസ് മേധാവി നൽകുന്ന നിർദ്ദേശം എന്നിവയിൽ വനം വിജിലൻസ് നടത്തപ്പെടുന്ന ഔദ്യോഗിക അന്വേഷണമാണ് വനം വിജിലൻസ് അന്വേഷണം.

(2) ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർമാർ, ഫ്ലയിങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, സർക്കാർ അല്ലെങ്കിൽ വനം വിജിലൻസ് മേധാവി രൂപീകരിച്ചിട്ടുള്ള പ്രത്യേക അന്വേഷണ സംഘം എന്നിവർക്ക് വനം വിജിലൻസ് പരാതികളിൽ അന്വേഷണം നടത്താവുന്നതാണ്.

(3) അന്വേഷണ ഉദ്യോഗസ്ഥൻ പരാതിയിലെ അന്വേഷണം പൂർത്തീകരിച്ചാൽ അന്വേഷണ റിപ്പോർട്ട് മേലധികാരിക്ക് സമർപ്പിക്കുകയും തുടർന്ന് ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർ അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സഹിതം വിജിലൻസ് മേധാവിക്ക് സമർപ്പിക്കുന്നു. റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ വിജിലൻസ് മേധാവി തുടർനടപടികൾ സ്വീകരിക്കുന്നു.

(iii) വനം വിജിലൻസ് പരാതികൾ ലഭിച്ചാൽ

(1) വനം വിജിലൻസ് പരാതികൾ രജിസ്റ്റർ ചെയ്ത് പരിശോധന/ അന്വേഷണത്തിനായി വനം വിജിലൻസ് മേധാവി ബന്ധപ്പെട്ട ഫ്ലയിങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കൈമാറുന്നു.

(2) വനം വിജിലൻസ് പരാതിയുടെ നിർവചനത്തിൽ ഉൾപ്പെടാത്ത സോഴ്സ് ഇൻഫർമേഷൻ/ഇൻഫർമേഷൻ എന്നിവ ആവശ്യമായ നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസുകളിലേക്ക് തുടർനടപടികൾക്കായി നൽകാവുന്നതാണ്. സോഴ്സ് ഇൻഫർമേഷൻ പരമാവധി രണ്ടു വർഷം വരെ നിരീക്ഷിച്ചാൽ മതിയാകും.

(3) വനം വിജിലൻസ് പരാതികൾ പരിശോധന/അന്വേഷണത്തിനായി കൈമാറുന്നതിന് മുൻപുതന്നെ പരാതിയുടെ വിശദാംശങ്ങൾ പരാതി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിന്റെ മാതൃക അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) സർക്കാരിൽ നിന്നുള്ള അന്വേഷണ നിർദ്ദേശങ്ങൾ, വനം വിജിലൻസ് മേധാവിയുടെ അന്വേഷണ നിർദ്ദേശം എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാതെ നേരിട്ട് അന്വേഷണ നടപടികളിലേക്ക് കടക്കേണ്ടതാണ്.

(5) വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ പരിശോധനയ്ക്കായി ലഭിച്ച പരാതികളിൽ രണ്ടു കാര്യങ്ങളാണ് പരിശോധനാവിധേയമാക്കുന്നത്.

(1) പരാതി വനം വിജിലൻസിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണോ,

(2) പരാതിക്കാരൻ നിലവിലുള്ളതോ, ഇല്ലാത്തതോ വ്യാജമോ എന്നുള്ളത്.

(6) പരാതി പരിശോധിക്കപ്പെടുമ്പോൾ പരാതിയിലെ ഓരോ ആരോപണവും പ്രത്യേകം പരിഗണിച്ച് വിജിലൻസ് അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതാണോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. ഒന്നിലധികം ആരോപണങ്ങൾ ഉൾപ്പെടുന്ന പരാതികളിൽ ഏതെങ്കിലും ഒരു ആരോപണം വനം വിജിലൻസ് അന്വേഷണ പരിധിയിൽ ഉൾപ്പെട്ടാൽ ആ പരാതി വനം വിജിലൻസ് പരാതിയായി കണക്കാക്കാം.

(7) പരാതിക്കാരൻ നിലവിലുള്ള വ്യക്തി ആണോ എന്ന് ഉറപ്പുവരുത്തുന്നതിനായി പരാതിയിൽ പരാമർശിച്ചിരിക്കുന്ന മേൽവിലാസത്തിലോ, ഫോൺ നമ്പറിലോ നേരിട്ടോ തപാൽ/ഇ-മെയിൽ മുഖേനയോ ബന്ധപ്പെട്ട് പരാതിക്കാരൻ നിലവിലുള്ള ആളാണോ എന്ന് പരിശോധിക്കേണ്ടതാണ്. ഇതിനായി പത്തു ദിവസത്തെ സമയപരിധി പരാതിക്കാരന് നൽകാവുന്നതും, പത്തു ദിവസത്തിനകം മറുപടി ലഭ്യമായില്ല എങ്കിൽ അടുത്ത പത്തു ദിവസം കൂടി അനുവദിച്ചുകൊണ്ട് ഓർമ്മക്കുറിപ്പ് നൽകാവുന്നതാണ്. നിശ്ചിത സമയപരിധിയിൽ പരാതിക്കാരന് തന്റെ അസ്തിത്വം ബോധിപ്പിക്കാനായില്ലെങ്കിലോ, പരാതിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാതിരിക്കുകയോ ചെയ്താൽ പ്രസ്തുത പരാതിയെ പരാതിക്കാരൻ ഇല്ലാത്ത പരാതിയായി കണക്കാക്കാവുന്നതാണ്. ഇതിനായി അനുബന്ധം 7-ലെ സാക്ഷ്യപത്രം ഉപയോഗിക്കേണ്ടതാണ്.

(8) വനം വിജിലൻസ് പരാതി പരിശോധനക്കായി അനുബന്ധം 4-ലെ മാതൃക പിന്തുടരാവുന്നതാണ്.

(9) പരിശോധിക്കപ്പെട്ട പരാതികളെ മൂന്നു വിഭാഗമായി തരംതിരിക്കാവുന്നതാണ്.

(1) <u>വിഭാഗം 1</u>

വനം വിജിലൻസിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടാത്ത പരാതികൾ. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന പരാതികൾ വിശദീകരണ സഹിതം വനം വിജിലൻസ് മേധാവിക്ക് മടക്കി നൽകാവുന്നതാണ്. ഒന്നാം വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു പരാതി തിരികെ ലഭിച്ചാൽ വനം വിജിലൻസ് ഓഫീസ് മേധാവിക്ക് ഉചിത നടപടികൾ സ്വീകരിക്കാവുന്നതാണ്.

(2) <u>വിഭാഗം 2</u>

ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന പരാതികൾ വനം വിജിലൻസിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതും, പരാതിക്കാരനെ തിരിച്ചറിഞ്ഞിട്ടുള്ളതും പരാതിയുടെ ഉത്തരവാദിത്വം ടിയാൻ ഏറ്റെടുത്തിട്ടുള്ളതുമാകുന്നു. ഇപ്രകാരം പരാതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്കാരനെ സ്ഥിരീകരിച്ച പരാതികളിൽ മറ്റ് നിർദ്ദേശങ്ങൾ ആവശ്യമില്ലാതെ തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ വനം വിജിലൻസ് അന്വേഷണം ആരംഭിക്കേണ്ടതാണ്.

(3) വിഭാഗം 3

ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാതികൾ വനം വിജിലൻസിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നതും എന്നാൽ പരാതിക്കാരനെ തിരിച്ചറിയപ്പെട്ടിട്ടില്ലാത്തതോ അല്ലെങ്കിൽ പരാതിയുടെ ഉത്തരവാദിത്വം പരാതിക്കാരൻ ഏറ്റെടുക്കാത്തതോ ആണ്. ഇത്തരം പരാതികൾ വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കും മുൻപ് പ്രാഥമിക അന്വേഷണം നടത്തേണ്ടതും, പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തലുകൾക്ക് അടിസ്ഥാനമായി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(iv) വനം വിജിലൻസിൽ പരാതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

(1) വനം വിജിലൻസ് പരാതികൾ വനം വിജിലൻസ് പോർട്ടൽ വഴി നൽകാൻ ശ്രദ്ധിക്കുക. പരാതികൾ വനം വിജിലൻസ് പരാതി പോർട്ടൽ വഴി സമർപ്പിക്കപ്പെട്ടാൽ പരാതി റഫറൻസ് നമ്പർ പരാതിക്കാരന് ലഭിക്കുകയും, അതുപയോഗിച്ചു പരാതിയുടെ നിലവിലെ അവസ്ഥ, പരാതി തീർപ്പാക്കൽ എന്നീ വിവരങ്ങൾ പരാതിക്കാരന് പോർട്ടലിൽ നിന്നും നേരിട്ടു മനസ്സിലാക്കാവുന്നതാണ്.

(2) പരാതികൾ നൽകുമ്പോൾ പരാതിക്കാരന്റെ വ്യക്തമായ പേരും മേൽ വിലാസവും, ബന്ധപ്പെടേണ്ട ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

(3) വനം വിജിലൻസിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്ന പരാതികൾ മാത്രമേ അന്വേഷണ വിധേയമാക്കുകയുള്ളൂ. അതിനാൽ വനം വിജിലൻസിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്നവ മാത്രം നൽകാൻ ശ്രദ്ധിക്കുക.

(4) പരാതികൾ വ്യക്തവും കൃത്യവുമായി രേഖപ്പെടുത്തേണ്ടതാണ്. കാര്യങ്ങൾ പൊതുവായി പരാമർശിച്ചുപോകാതെ ഓരോ ആരോപണങ്ങളും സവിശേഷവും സ്പഷ്ടവുമായി പ്രതിപാദിക്കേണ്ടതാണ്.

(5) ആരോപണങ്ങളെ പിന്തുണയ്ക്കുന്ന പരമാവധി രേഖകൾ/തെളിവുകൾ പരാതിയോടൊപ്പം തന്നെ നൽകാവുന്നതാണ്.

(6) പരാതിക്കാരന് തന്റെ വ്യക്തിവിവരം പരസ്യപ്പെടുത്താൻ താല്പര്യം ഇല്ലാത്ത പക്ഷം പരാതിക്കാരന്റെ വ്യക്തി വിവരങ്ങൾ രഹസ്യമാക്കി വയ്ക്കുന്നവിധത്തിൽ (Complainant Not to Disclose Himself) പരാതികൾ നൽകാവുന്നതാണ്.

(v) പരാതികളിന്മേലുള്ള വനം വിജിലൻസ് അന്വേഷണം

(1) അന്വേഷണ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ടിയാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരാതിക്കാരന് നേരിട്ട് ഹാജരാകാൻ നിർദ്ദേശം കൊടുക്കേണ്ടതും, പരാതിക്കാരന് അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ മുഴുവൻ കാര്യങ്ങളും ബോധിപ്പിക്കാനും ആവശ്യമായ തെളിവുകൾ നൽകാനുമുള്ള അവസരം നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം ലഭിച്ചാൽ അറുപത് ദിവസത്തിനകം അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർക്ക് നൽകേണ്ടതാണ്. അറുപത് ദിവസത്തിനകം അന്വേഷണം പൂർത്തീകരിക്കാൻ സാധിക്കുന്നില്ല എങ്കിൽ, ആ കാലയളവ് കഴിയുന്ന മുറയ്ക്ക് ഇടക്കാല റിപ്പോർട്ട് സമർപ്പിക്കേണ്ടതും, അന്വേഷണം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാര്യങ്ങൾ വ്യക്തമാക്കി അന്വേഷണത്തിനായി നിർദ്ദേശം നൽകിയ അധികാരിയിൽനിന്നും അധികസമയം അനുവദിച്ചു വാങ്ങാവുന്നതാണ്.

(3) പരാതിയിൽ ആരോപിക്കപ്പെട്ടിരിക്കുന്ന ഓരോ ആരോപണവും പ്രത്യേകം അന്വേഷിക്കേണ്ടതും കണ്ടെത്തലുകൾ രേഖപ്പെടുത്തേണ്ടതുമാണ്.

(4) വിജിലൻസിന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുന്ന വിഷയം ആണെങ്കിൽ കൂടി താഴെപ്പറയുന്ന സ്വഭാവമുള്ള ആരോപണങ്ങൾ അന്വേഷിക്കേണ്ട ആവശ്യമില്ല:

(i) വനം വിജിലൻസിലേക്കു നേരിട്ട് തന്നിട്ടുള്ളതല്ലാത്ത പരാതികൾ (മറ്റു ഓഫീസുകളിലേക്കോ വകുപ്പുകളിലേക്കോ അന്വേഷണ ഏജൻസികൾക്കോ പരാതിക്കാരൻ നേരിട്ട് നൽകിയ പരാതികളുടെ പകർപ്പ്).

(ii) പോലീസ് വിജിലൻസ് അല്ലെങ്കിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ അന്വേഷണ/പരിഗണനയിലുള്ള പരാതികൾ.

(iii) മുൻപിനാലെ അന്വേഷിച്ചിട്ടുള്ള ആരോപണങ്ങൾ ഇത്തരത്തിലുള്ള ആരോപണങ്ങൾ അന്വേഷിക്കേണ്ടതില്ല. എന്നിരുന്നാലും, പുതിയ തെളിവുകളുടെയോ വിവരങ്ങളുടെയോ അടിസ്ഥാനത്തിൽ പുനരന്വേഷണം നടത്താനുള്ള വിവേചനാധികാരം അന്വേഷണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

(5) വനം വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ മൊഴി രേഖപ്പെടുത്താനും, രേഖകൾ നേരിട്ട് ആവശ്യപ്പെടാനും, വനം വകുപ്പ് ഓഫീസുകൾ പരിശോധിക്കാനും, രേഖകൾ കണ്ടെടുക്കാനും അന്വേഷണ ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും.

(6) വനം വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി വനം വകുപ്പിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും രേഖാമൂലമുള്ള മൊഴി നേരിട്ട് രേഖപ്പെടുത്തുന്നതിനോ മൊഴി സ്വയം രേഖപ്പെടുത്തി നൽകുന്നതിനോ ഉള്ള നിർദ്ദേശം അന്വേഷണ ഉദ്യോഗസ്ഥന് നൽകാവുന്നതാണ്.

(7) ഇപ്രകാരം ആരോപണ വിധേയനായ ഉദ്യോഗസ്ഥന്റെ മൊഴി ആവശ്യപ്പെടുമ്പോൾ ടിയാനെതിരെ പരാതിയിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണം പരാതിയിൽ ഉന്നയിക്കപ്പെട്ട വിധത്തിൽ ടി ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അന്വേഷണത്തിന്റെ ആവശ്യാർത്ഥം ആരോപണ വിധേയനല്ലാത്ത ഉദ്യോഗസ്ഥന്റെ മൊഴി ആവശ്യപ്പെടുമ്പോൾ ടിയാന്റെ വിശദീകരണം ആവശ്യമാകുന്ന ഭാഗങ്ങൾ ചോദ്യരൂപത്തിലോ പ്രസ്താവന രൂപത്തിലോ രേഖാമൂലം നൽകേണ്ടതാണ്.

(8) വനം വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി വനം വകുപ്പിലെ ഉദ്യോഗസ്ഥന്റെ മൊഴി ആവശ്യപ്പെടുന്നതിന് അനുബന്ധം 8-ലെ മാതൃകയും വനം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വകുപ്പ് ഓഫീസുകളിൽനിന്നും രേഖകൾ ആവശ്യപ്പെടുന്നതിനായി അനുബന്ധം 9-ലെ മാതൃകയും പിന്തുടരേണ്ടതാണ്.

(9) വനം വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥന് ബന്ധപ്പെട്ട വനം വിജിലൻസ് റേഞ്ച് ഫോറസ്റ്റ് ഓഫീസറെ അന്വേഷണ സംബന്ധമായ തെളിവുകൾ ശേഖരിക്കാനും, പരാതിക്കാരന്റെയും സാക്ഷികളുടെയും മൊഴികൾ രേഖപ്പെടുത്താനും, സോഴ്സ് റിപ്പോർട്ട് സമർപ്പിക്കാനും ചുമതലപ്പെടുത്താവുന്നതാണ്.

(10) വനം വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി പൊതുജനങ്ങൾ, മറ്റ് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ അവരുടെ സഹകരണത്തോടെ മൊഴി രേഖപ്പെടുത്താവുന്നതും, രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.

(11) രേഖാപരമായ തെളിവുകൾ പ്രാഥമികമായും, മൊഴികൾ, രഹസ്യാന്വേഷണത്തിലൂടെ ലഭിച്ച തെളിവുകൾ, സാഹചര്യ തെളിവുകൾ എന്നിവ അനുബന്ധ തെളിവുകളായി സ്വീകരിച്ചുകൊണ്ട് കണ്ടെത്തലുകൾ സ്ഥിരീകരിക്കാവുന്നതാണ്. ഡിജിറ്റൽ തെളിവുകൾ പ്രാഥമിക തെളിവുകളായി പരിഗണിക്കാവുന്നതാണ്.

(12) ഒരു വനം വകുപ്പ് ഓഫീസിൽ ആരംഭിച്ചിട്ടുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ വനം വിജിലൻസ് പരാതി ലഭിച്ചാൽ, അന്വേഷണ ഉദ്യോഗസ്ഥൻ പരാതിയുടെ ഉള്ളടക്കം അടിയന്തിരമായി ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കേണ്ടതും, തുടർന്ന് പരാതിയുടെ അന്വേഷണ നടപടികളിലേക്ക് കടക്കേണ്ടതുമാണ്. ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ വനം വിജിലൻസ് അന്വേഷണ നടപടികൾ ആരംഭിച്ച വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ലഭിച്ചാൽ ടെണ്ടർ/ക്വട്ടേഷൻ നടപടികളുമായി മുന്നോട്ടു പോകാനുള്ള വിവേചനാധികാരം ടി ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

(13) ആരോപിക്കപ്പെട്ട വസ്തുതകൾ നിലവിലെ ഏതു നയം, നിയമം, ചട്ടം, കോഡ്, സർക്കാർ ഉത്തരവ്, പരിപത്രം, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയിലെ ഏതു അനുച്ഛേദ പ്രകാരം കുറ്റകരമാകുന്നു എന്ന് കണ്ടെത്തി രേഖപ്പെടുത്തേണ്ടതാണ്.

(14) കണ്ടെത്തലുകളിന്മേൽ സ്വീകരിക്കേണ്ട നടപടികൾ ബന്ധപ്പെട്ട നിയമം/ ചട്ടം എന്നിവയിലെ അനുച്ഛേദങ്ങൾ ഉൾപ്പെടെ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമായി ശിപാർശ ചെയ്യേണ്ടതും, അവയിൽ ഓരോന്നിലും ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർ അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്.

(15) അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ശിപാർശകളിൽ തുടർ നടപടികൾ സ്വീകരിക്കാൻ വനം വിജിലൻസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിർദ്ദേശം നൽകേണ്ടതാണ്.

(16) അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് അനുബന്ധം 5-ലെ മാതൃകയിൽ ബന്ധപ്പെട്ട ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർ മുഖേന വനം വിജിലൻസ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

(17) ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർ അന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും വരുത്തി അഭിപ്രായം രേഖപ്പെടുത്തി ശിപാർശകളോടുകൂടി വനം വിജിലൻസ് മേധാവിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(18) അന്വേഷണ റിപ്പോർട്ട് പൂർണ്ണവും സമഗ്രവും എന്ന് ബോധ്യപ്പെടുന്നപക്ഷം വനം വിജിലൻസ് മേധാവി റിപ്പോർട്ട് അംഗീകരിക്കേണ്ടതും പരാതി തീർപ്പാക്കി വിവരം അന്വേഷണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ കൺസർവേറ്റർക്കും രേഖാമൂലം അറിയിപ്പ് നൽകേണ്ടതുമാണ്.

(19) അന്വേഷണ റിപ്പോർട്ടിൽ വനം വിജിലൻസ് മേധാവിക്ക് ആവശ്യമെങ്കിൽ കൂടുതൽ വിശദീകരണങ്ങളും വ്യക്തതയും ആവശ്യപ്പെടാവുന്നതാണ്. വനം വിജിലൻസ് മേധാവി അന്വേഷണ റിപ്പോർട്ടിൽ സംതൃപ്തനല്ല എങ്കിൽ റിപ്പോർട്ട് റദ്ദുചെയ്ത് പുതിയ അന്വേഷണ റിപ്പോർട്ട് അവശ്യപ്പെടുകയോ അന്വേഷണ ചുമതല മറ്റൊരാൾക്ക് നൽകുകയോ ചെയ്യേണ്ടതാണ്.

(20) അന്വേഷണ റിപ്പോർട്ട് അംഗീകരിക്കപ്പെട്ടാൽ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളിൽ തുടർനടപടികൾ സ്വീകരിക്കാനോ നിർദ്ദേശിക്കാനോ ഉള്ള അധികാരം വിജിലൻസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

(21) വനം വിജിലൻസ് അന്വേഷണത്തിന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഉണ്ടായേക്കാവുന്ന തുടരന്വേഷണം/വകുപ്പുതല അന്വേഷണം എന്നിവയുടെ ഭാഗമായി വിജിലൻസ് അന്വേഷണ റിപ്പോർട്ടുകളും അനുബന്ധ രേഖകളും തെളിവുകളായി പരിഗണിക്കാവുന്നതാണ്. എന്നാൽ തുടരന്വേഷണ/വകുപ്പുതല അന്വേഷണത്തിന്റെ ഭാഗമായി വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥനെ സാക്ഷിയാക്കാനോ, ടിയാനോട് തെളിവുകളോ വിശദീകരണമോ ആവശ്യപ്പെടാനോ പാടില്ലാത്തതാണ്.

(vi) പ്രാഥമിക അന്വേഷണം

(1) പരാതി പരിശോധനയിൽ വിഭാഗം 3-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പരാതികളാണ് പ്രാഥമിക അന്വേഷണത്തിന് വിധേയമാക്കുന്നത്. പരാതി പരിശോധനാ വേളയിൽ പട്ടികയാക്കിയിട്ടുള്ള ഓരോ ആരോപണങ്ങളും പ്രത്യേകമായി പ്രാഥമിക അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്. പരാതിയിൽ ഒന്നിലധികം ആരോപണങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ വിജിലൻസിന്റെ അന്വേഷണപരിധിയിൽ ഉൾപ്പെടുന്ന ആരോപണങ്ങൾ മാത്രം അന്വേഷണ വിധേയമാക്കിയാൽ മതിയാകും.

(2) വ്യക്തവും കൃത്യവുമല്ലാത്ത ആരോപണങ്ങൾ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണെങ്കിലും അന്വേഷണ വിധേയമാക്കേണ്ടതില്ല. എന്നാൽ ഇത്തരം ആരോപണങ്ങളോടൊപ്പം ആവശ്യമായ തെളിവ് പരാതിക്കാരൻ നൽകിയിട്ടുണ്ടെങ്കിൽ ആ ആരോപണം പ്രാഥമിക അന്വേഷത്തിന് വിധേയമാക്കേണ്ടതാണ്.

(3) പ്രാഥമിക അന്വേഷണം കുറ്റാരോപിതരായ ഉദ്യോഗസ്ഥരോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റുള്ളവരോ അറിയാത്തവിധം നടത്താൻ ശ്രമിക്കേണ്ടതാണ്. അപ്രകാരം സംഭവിച്ചാൽ ആയത് പിന്നീടുള്ള വനം വിജിലൻസ് അന്വേഷണത്തെ ബാധിക്കാനും തെളിവുകൾ നശിപ്പിക്കപ്പെടാനോ, രേഖകൾ തിരുത്തപ്പെടാനോ, സാക്ഷികളെ സ്വാധീനിക്കപ്പെടാനോ ഇടവരുത്തും.

(4) പ്രാഥമിക അന്വേഷണം നടക്കുന്നു എന്ന കാരണത്താൽ സത്യസന്ധരായ ഉദ്യോഗസ്ഥരെ പൊതുമധ്യത്തിൽ മോശമായി ചിത്രീകരിക്കാനും, അവരുടെ ധാർമികത ചോദ്യം ചെയ്യപ്പെടാനും പാടില്ല എന്നതിനാൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ അന്വേഷണ ഉദ്യോഗസ്ഥനോ അന്വേഷണ സംഘാംഗങ്ങളോ കുറ്റക്കാരായി കാണാനോ പെരുമാറാനോ പാടില്ലാത്തതാണ്. ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മനോവീര്യം ഇല്ലാതാക്കുന്ന തരത്തിലുള്ള നടപടികൾ അന്വേഷണ സംഘത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്.

(5) പ്രാഥമിക അന്വേഷണത്തിൽ നേരിട്ടുള്ള അന്വേഷണം ഒഴിവാക്കിക്കൊണ്ട്, രഹസ്യ വിവരശേഖരണം, മിന്നൽ പരിശോധന, വിജിലൻസ് പരിശോധന തുടങ്ങിയ സ്വാഭാവിക വനം വിജിലൻസ് പ്രവർത്തനങ്ങളിലൂടെ മാത്രമേ തെളിവുകൾ ശേഖരിക്കാൻ പാടുള്ളൂ.

(6) പരാതിക്കാരനെ തിരിച്ചറിയാൻ സാധിക്കാത്തതോ, പരാതിക്കാരൻ പരാതിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കാത്തതോ സ്ഥിരീകരിച്ചാൽ, ഉടൻതന്നെ പരിശോധനാ ഉദ്യോഗസ്ഥൻ പ്രാഥമിക അന്വേഷണം ആരംഭിക്കേണ്ടതും ആയത് മുപ്പത് ദിവസത്തിനകം പൂർത്തീകരിച്ചു റിപ്പോർട്ട് ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർക്ക് സമർപ്പിക്കേണ്ടതും, ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർ പതിനഞ്ചു ദിവസത്തിനുള്ളിൽ ശിപാർശ സഹിതം പ്രാഥമിക അന്വേഷണ റിപ്പോർട്ട് വിജിലൻസ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

(7) പ്രാഥമിക അന്വേഷണ റിപ്പോർട്ട് വിജിലൻസ് മേധാവിയുടെ ഓഫീസിൽ ലഭ്യമായാൽ വിജിലൻസ് മേധാവി പരിശോധിച്ച്, അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകളും ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്ററുടെ ശിപാർശകളും അംഗീകരിക്കാവുന്നതാണെങ്കിൽ ബന്ധപ്പെട്ടവർക്ക് അത് പ്രകാരം നിർദ്ദേശം നൽകേണ്ടതും, മറ്റ് അഭിപ്രായം ആണെങ്കിൽ ഉചിതമായ തീരുമാനം കൈക്കൊണ്ടു ആയതിൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാവുന്നതുമാണ്.

(8) പ്രാഥമിക അന്വേഷണ റിപ്പോർട്ട് അനുബന്ധം 6-ലെ മാതൃകയിൽ ബന്ധപ്പെട്ട ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർക്കു സമർപ്പിക്കേണ്ടതാണ്.

(vii) പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ

(1) പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ താഴെപ്പറയുന്ന ശിപാർശകൾ മാത്രമേ ഉൾപ്പെടുത്താൻ പാടുള്ളു:

(i) പ്രാഥമികമായി അന്വേഷിക്കപ്പെട്ട ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ ശരിയെന്നു ബോധ്യപ്പെട്ടാൽ ആയത് വനം വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യാവുന്നതാണ്.

(ii) പ്രാഥമികമായി അന്വേഷിക്കപ്പെട്ട ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ ശരിയല്ലെന്നു ബോധ്യപ്പെട്ടാൽ പരാതിയിലെ ആരോപണങ്ങൾ തെറ്റാണെന്ന് ശിപാർശ ചെയ്തുകൊണ്ട് അന്വേഷണം അവസാനിപ്പിക്കാനോ അല്ലെങ്കിൽ ടി പരാതിയെ ഒരു സോഴ്സ് ഇൻഫർമേഷൻ ആയി പരിഗണിച്ച് നിരീക്ഷണത്തിൽ വയ്ക്കാനോ ശിപാർശ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ഒരു പരാതി പരമാവധി രണ്ടു വർഷം വരെ സോഴ്സ് ഇൻഫർമേഷൻ ആയി നിരീക്ഷിച്ചാൽ മതിയാകും.

(viii) വനം വകുപ്പിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള വനം വിജിലൻസ് പരാതികളിലെ അന്വേഷണം

വനം വകുപ്പിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിനു മുകളിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വനം വിജിലൻസിൽ പരാതി ലഭിക്കുകയാണെങ്കിൽ ആയത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വനം വിജിലൻസ് പരാതികളുടെ അന്വേഷണപരിധിയിൽ ഉൾപ്പെടുത്തി അന്വേഷിക്കേണ്ടതില്ല. പകരം പരാതിയിലെ ഓരോ ആരോപണങ്ങൾക്കും വസ്തുതാപരമായ റിപ്പോർട്ട് (Factual Report) തയ്യാറാക്കി തുടർനടപടികൾക്കായി സർക്കാരിലേക്ക് സമർപ്പിക്കാവുന്നതാണ്.

(ix) വനം വിജിലൻസ് പരാതികൾ തീർപ്പാക്കൽ

(1) വനം വിജിലൻസ് പരാതികൾ വിജിലൻസ് മേധാവിയാണ് തീർപ്പാക്കേണ്ടത്. പരാതികൾ തീർപ്പാക്കിയ വിവരം അന്വേഷണ ഉദ്യോഗസ്ഥനേയും ബന്ധപ്പെട്ട ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്ററെയും പരാതി മറ്റേതെങ്കിലും ഓഫീസിൽനിന്നും സമർപ്പിക്കപ്പെട്ടതാണെങ്കിൽ ആ ഓഫീസിലേക്കും അറിയിക്കേണ്ടതാണ്. വനം വിജിലൻസ് പരാതി വിജിലൻസ് മേധാവി തീർപ്പാക്കുന്നതുവരെയും ആ പരാതി അന്വേഷണത്തിലുള്ള പരാതി എന്ന നിലയിൽ പരിഗണിക്കേണ്ടതാണ്.

(2) വനം വിജിലൻസ് പരാതികളിൽ വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നത് അംഗീകരിക്കപ്പെട്ട അന്വേഷണ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി മാത്രമായിരിക്കണം. അന്വേഷണത്തിലുള്ള പരാതികളിൽ വിവരാവകാശ നിയമപ്രകാരം വിവരം നൽകുന്നത് അന്വേഷണത്തെ ബാധിക്കുന്നതിനോ തെറ്റായ വിവരങ്ങൾ നൽകപ്പെടുന്നതിനോ കാരണമാകാം. വിജിലൻസ് മേധാവിയുടെ ഓഫീസിൽനിന്നും അന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് പരാതി തീർപ്പാക്കി എന്ന വിവരം ലഭിച്ചതിനുശേഷം മാത്രമേ, വനം വിജിലൻസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഇൻസ്പെക്ഷൻ ആൻഡ് ഇവാല്യുവേഷൻ കൺസർവേറ്റർ എന്നിവരുടെ ഓഫീസിൽനിന്നും പ്രസ്തുത പരാതികളിന്മേൽ വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ നൽകാവൂ.

(x) പരാതിക്കാരൻ തന്റെ വ്യക്തിവിവരം പരസ്യപ്പെടുത്താൻ തയ്യാറല്ലാത്ത സാഹചര്യം (Complainant Not to Disclose Himself)

(1) പരാതിക്കാരന് തന്റെ വ്യക്തിവിവരം പരസ്യപ്പെടുത്താൻ താല്പര്യമില്ലാത്ത സാഹചര്യത്തിൽ Complainant not to disclose himself എന്ന വിഭാഗത്തിൽ പരാതികൾ വിജിലൻസ് മേധാവിക്ക് നൽകാവുന്നതാണ്.

(2) ഇപ്രകാരം ലഭിക്കുന്ന പരാതികൾ Complainant Not to Disclose Himself എന്ന ഗണത്തിൽപ്പെടുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) Complainant Not to Disclose Himself എന്ന ഗണത്തിൽ പരാതികൾ നൽകേണ്ടത് ഇരട്ടക്കവർ മാതൃകയിലാണ്. പരാതിക്കാരന്റെ വ്യക്തിവിവരങ്ങൾ രേഖപ്പെടുത്താതെ പരാതി ഒന്നാമത്തെ കവറിൽ ഉള്ളടക്കം ചെയ്ത്, പരാതിക്കാരന്റെ വ്യക്തിവിവരങ്ങൾ മറ്റൊരു കടലാസ്സിൽ രേഖപ്പെടുത്തി രണ്ടാമത്തെ കവറിൽ വ്യക്തിവിവരവും പരാതി അടങ്ങിയ ഒന്നാമത്തെ കവറും ഉള്ളടക്കം ചെയ്യണം.

(4) ഇപ്രകാരം നൽകുന്ന പരാതികൾ രജിസ്റ്റർ ചെയ്യപ്പെട്ട് കഴിഞ്ഞാൽ പരാതിക്കാരൻ ശരിയായ വ്യക്തിയാണോ എന്ന് തീർച്ചപ്പെടുത്താൻ തന്നിരിക്കുന്ന മേൽവിലാസത്തിൽ ബന്ധപ്പെട്ട് പരാതിക്കാരൻ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും പരാതിക്കാരൻ പരാതിയുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതായി സാക്ഷ്യപത്രം (അനുബന്ധം 7) കൈപ്പറ്റി സൂക്ഷിക്കുകയും വേണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5) പരാതിക്കാരൻ യഥാർത്ഥത്തിൽ ഉള്ള ആളാണെന്നു ബോധ്യപ്പെട്ടാൽ വിജിലൻസ് മേധാവിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത പരാതി പുനർനിർമ്മിച്ചു പരാതിക്കാരനെ തിരിച്ചറിയാത്ത വിധം രഹസ്യകോഡ് മാത്രം നൽകി വനം വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥൻ വിജിലൻസ് അന്വേഷത്തിനായി കൈമാറാവുന്നതാണ്.

(6) പരാതിയുമായി ബന്ധപ്പെട്ട തെളിവുകളും മറ്റു രേഖകളും അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ സമർപ്പിക്കുന്നതിനോ, പരാതിക്കാരന്റെ ഭാഗം പ്രത്യേകമായി കേൾക്കുന്നതിനോ, മൊഴി നൽകുന്നതിനോ പരാതിക്കാരൻ തയ്യാറാണെങ്കിൽ, പരാതിക്കാരനെ അന്വേഷണത്തിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥന് ആവശ്യമുള്ള സമയങ്ങളിൽ വിളിപ്പിക്കുന്നതിനും മൊഴികളും തെളിവുകളും ആവശ്യപ്പെടാനുമുള്ള അനുമതി പരാതിക്കാരൻ പരാതി സമർപ്പിക്കുന്നതോടൊപ്പം നൽകേണ്ടതാണ്.

(7) വനം വിജിലൻസ് അന്വേഷണത്തിനായി അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്ന പരാതി വനം വിജിലൻസ് പരാതി അന്വേഷിക്കുന്ന നടപടിക്രമങ്ങളിലൂടെ അന്വേഷണം പൂർത്തിയാക്കാവുന്നതാണ്.

(8) Complainant Not to Disclose Himself എന്ന ഗണത്തിൽപ്പെടുത്തി അന്വേഷിക്കപ്പെടുന്ന പരാതികളിലെ പരാതിക്കാരന്റെ വ്യക്തിവിവരം പരാതി തീർപ്പാക്കിയ ശേഷവും രഹസ്യമായി സൂക്ഷിക്കപ്പെടും. പരാതിക്കാരന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്നതിന് നിയമപരമായ ബാധ്യത ഉണ്ടാകുന്ന സാഹചര്യത്തിൽ മാത്രം ആയതു വെളിപ്പെടുത്തുന്നതായിരിക്കും.

(9) Complainant Not to Disclose Himself എന്ന വിഭാഗത്തിൽ സ്വീകരിക്കപ്പെടുന്ന പരാതികൾ മേൽ മാർഗ്ഗനിർദ്ദേശ പ്രകാരം കൈകാര്യം ചെയ്യുന്നതിലേക്കായി വനം വിജിലൻസ് മേധാവിയുടെ ഓഫീസിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കേണ്ടതാണ്.

(xi) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ ശിപാർശയോടു കൂടിയാവണം സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

മിൻഹാജ് അലം ഐ. എ. എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 1

വനം വിജിലൻസ് ഓഫീസുകളുടെ അധികാരപരിധി

ക്രമ നമ്പർ	*ഓഫീസ്*	*അധികാര പരിധി*
(1)	(2)	(3)
1	വനം വിജിലൻസ് മേധാവി	കേരള സംസ്ഥാനം
2	ഇൻസ്പെക്ഷൻ ആന്റ് ഇവാലിയൂഷൻ, കോട്ടയം	1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തിരുവനന്തപുരം
		2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പുനലൂർ
		3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ഇടുക്കി
		4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോതമംഗലം
3	ഇൻസ്പെക്ഷൻ ആന്റ് ഇവാലിയൂഷൻ, കോഴിക്കോട്	1. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), എറണാകുളം
		2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പാലക്കാട്
		3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോഴിക്കോട്
		4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കണ്ണൂർ
4	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തിരുവനന്തപുരം	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തിരുവനന്തപുരം
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ചുള്ളിമാനൂർ
5	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പുനലൂർ	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പത്തനാപുരം
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), റാന്നി
6	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ഇടുക്കി	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ഇടുക്കി
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), മുണ്ടക്കയം
7	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്) കോതമംഗലം	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോതമംഗലം
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തൊടുപുഴ
		3. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), മൂന്നാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)
8	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), എറണാകുളം	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പെരുമ്പാവൂർ
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തൃശൂർ
9	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പാലക്കാട്	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പാലക്കാട്
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), നെല്ലിയാംമ്പതി
10	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോഴിക്കോട്	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), നിലമ്പൂർ
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോഴിക്കോട്
		3. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കൽപ്പറ്റ
11	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കണ്ണൂർ	1. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കണ്ണൂർ
		2. റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കാസർഗോഡ്
12	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ചുള്ളിമാനൂർ	1. തെന്മല ഡിവിഷൻ
		2. ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ
		3. തിരുവനന്തപുരം ഡിവിഷനിലെ കുളത്തൂപ്പുഴ റേഞ്ച്, പാലോട് റേഞ്ച്
		4. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
13	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തിരുവനന്തപുരം	1. തിരുവനന്തപുരം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ച്
		2. തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ
		3. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
14	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), റാന്നി	1. റാന്നി ഡിവിഷൻ
		2. കോന്നി ഡിവിഷനിലെ കോന്നി റേഞ്ച്, നടുവത്ത് മൂഴി റേഞ്ച്
		3. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)
15	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പത്തനാപുരം	1. അച്ചൻകോവിൽ ഡിവിഷൻ
		2. പുനലൂർ ഡിവിഷൻ
		3 കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ റേയിഞ്ച്
		4. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
16	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ഇടുക്കി	1. കോട്ടയം ഡിവിഷനിലെ കുമിളി റേഞ്ച്, നഗരമ്പാറ റേഞ്ച്, അയ്യപ്പൻ കോവിൽ റേഞ്ച്
		2. ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ ഇടുക്കി വൈൽഡ് ലൈഫ് സാങ്ച്വറി
		3. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
17	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), മുണ്ടക്കയം	1. കോട്ടയം ഡിവിഷനിലെ എരുമേലി റേഞ്ച്
		2. പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ് ഡിവിഷൻ
		3. പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ
		4. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
18	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോതമംഗലം	1. കോതമംഗലം ഡിവിഷനിലെ കോതമംഗലം റേഞ്ച്
		2. മൂന്നാർ ഡിവിഷനിലെ നേരിയമംഗലം റേഞ്ച്, അടിമാലി റേഞ്ച്
		3. മാങ്കുളം ഡിവിഷൻ
		4. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
19	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തൊടുപുഴ	1. കോതമംഗലം ഡിവീഷനിലെ തൊടുപ്പഴ റേഞ്ച്, കാളിയാർ റേഞ്ച്, മുള്ളരിങ്ങാട് റേഞ്ച്
		2. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

20	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), മൂന്നാർ	1. മൂന്നാർ ഡിവിഷനിലെ ദേവികുളം റേഞ്ച്, മൂന്നാർ റേഞ്ച്
		2. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ
		3. മറയൂർ സാൻഡൽ ഡിവിഷൻ
		4. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
21	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പെരുമ്പാവൂർ	1. മലയാറ്റൂർ ഡിവിഷൻ
		2. വാഴച്ചാൽ ഡിവിഷൻ
		3. ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതം
		4. നേച്ചർ സ്റ്റഡി സെന്റർ, കാലടി
		5. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
22	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തൃശൂർ	1. ചാലക്കുടി ഡിവിഷൻ
		2. തൃശൂർ ഡിവിഷൻ
		3. പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ
		4. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
		5. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
23	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), നെല്ലിയാമ്പതി	1. നെന്മാറ ഡിവിഷൻ
		2. പറമ്പിക്കുളം ടൈഗർ റിസർവ്വ്
		3. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
24	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പാലക്കാട്	1. മണ്ണാർക്കാട് ഡിവിഷൻ
		2. പാലക്കാട് ഡിവിഷൻ
		3. സൈലന്റ് വാലി നാഷണൽ പാർക്ക് ഡിവിഷൻ
		4. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)
25	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), നിലമ്പൂർ	1. നിലമ്പൂർ സൗത്ത് ഡിവിഷൻ
		2. നിലമ്പൂർ നോർത്ത് ഡിവിഷൻ
		3. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
26	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോഴിക്കോട്	1. കോഴിക്കോട് ഡിവിഷൻ
		2. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
27	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കൽപ്പറ്റ	1. സൗത്ത് വയനാട് ഡിവിഷൻ
		2. വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ
		3. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
28	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കണ്ണൂർ	1. നോർത്ത് വയനാട് ഡിവിഷൻ
		2. കണ്ണൂർ ഡിവിഷൻ
		3. ആറളം വൈൽഡ് ലൈഫ് ഡിവിഷൻ
		4. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും
29	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കാസർഗോഡ്	1. കാസർഗോഡ് ഡിവിഷൻ
		2. മേൽ ഓഫീസുകളുടെ ഭൂമിശാസ്ത്രപരമായ അതിരുകൾക്കുള്ളിൽ വരുന്ന വനം വകപ്പിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ ഓഫീസുകളും സംവിധാനങ്ങളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 2

വനം വിജിലൻസ് ഓഫീസുകളിലെ ജീവനക്കാരുടെ അംഗീകൃത അംഗബലം

ക്രമ നമ്പർ	*ഓഫീസ്*	*ജീവനക്കാരുടെ അംഗീകൃത അംഗബലം*		
(1)	(2)	(3)		
1	വനം വിജിലൻസ് മേധാവി	അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ	-	1
		അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (NC)	-	4
		സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	-	1
		പേർസണൽ അസിസ്റ്റന്റ്	-	1
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	2
		ഹെഡ് അക്കൗണ്ടന്റ്	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	9
		ടൈപ്പിസ്റ്റ്	-	2
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	4
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	2
2	ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ, കോട്ടയം	ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ)	-	1
		സീനിയർ സൂപ്രണ്ട്	-	1
		കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	1
		ഹെഡ് അക്കൗണ്ടന്റ്	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	4
		ടൈപ്പിസ്റ്റ്	-	1
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	2
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
3	ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ, കോഴിക്കോട്	ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ ആന്റ് ഇവാല്യുവേഷൻ)		1
		സീനിയർ സൂപ്രണ്ട്	-	1
		കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	1
		ഹെഡ് അക്കൗണ്ടന്റ്	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	4
		ടൈപ്പിസ്റ്റ്	-	1
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	2

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)		
4	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തിരുവനന്തപുരം	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	2
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ടൈപ്പിസ്റ്റ്	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
5	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പുനലൂർ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		റേഞ്ച് ഫോറസ്റ്റ് ഓഫീസർ (ടെക്നിക്കൽ അസിസ്റ്റന്റ്)	-	1
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	2
		ടൈപ്പിസ്റ്റ്	-	1
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
6	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ഇടുക്കി	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	2
		ടൈപ്പിസ്റ്റ്	-	1
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
7	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോതമംഗലം	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		റേഞ്ച് ഫോറസ്റ്റ് ഓഫീസർ (ടെക്നിക്കൽ അസിസ്റ്റന്റ്)	-	1
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	2
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	2
		ടൈപ്പിസ്റ്റ്	-	1
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)		
8	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), എറണാകുളം	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		റേഞ്ച് ഫോറസ്റ്റ് ഓഫീസർ (ടെക്നിക്കൽ അസിസ്റ്റന്റ്)	-	1
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	2
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	2
		ക്ലർക്ക് /സീനിയർ ക്ലർക്ക്	-	2
		ടൈപ്പിസ്റ്റ്	-	1
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
9	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പാലക്കാട്	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		റേഞ്ച് ഫോറസ്റ്റ് ഓഫീസർ (ടെക്നിക്കൽ അസിസ്റ്റന്റ്)	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	2
		ടൈപ്പിസ്റ്റ്	-	1
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
10	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോഴിക്കോട്	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	2
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
11	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കണ്ണൂർ	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ക്ലർക്ക്/സീനിയർ ക്ലർക്ക്	-	2
		ഡ്രൈവർ	-	1
		ഓഫീസ് അറ്റൻഡന്റ്	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
12	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തിരുവനന്തപുരം	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	7
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	2
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)		
13	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ചുള്ളിമാനൂർ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	6
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
14	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പുനലൂർ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	7
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	2
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
15	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), റാന്നി	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	6
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	2
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
16	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), ഇടുക്കി	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	8
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
17	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), മുണ്ടക്കയം	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	9
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	2
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
18	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോതമംഗലം	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	7
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	2
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
19	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തൊടുപുഴ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	7
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)		
20	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), മൂന്നാർ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	9
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
21	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പെരുമ്പാവൂർ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	5
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
22	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), തൃശൂർ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	5
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
23	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), നെല്ലിയാമ്പതി	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	5
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
24	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), പാലക്കാട്	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	5
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
25	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), നിലമ്പൂർ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	6
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ	-	1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	-	1
26	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കോഴിക്കോട്	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	-	1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	-	6
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	-	1
		ഡ്രൈവർ		1

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1)	(2)	(3)	
27	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കൽപ്പറ്റ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	- 1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	- 6
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	- 1
		ഡ്രൈവർ	- 1
		പി. റ്റി. സ്വീപ്പേഴ്സ്/കാഷ്വൽ ലേബേഴ്സ്	- 1
28	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കണ്ണൂർ	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	- 1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	- 6
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	- 2
		ഡ്രൈവർ	- 1
		പി. റ്റി. സ്വീപ്പേഴ്സ് /കാഷ്വൽ ലേബേഴ്സ്	- 1
29	റേഞ്ച് ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്), കാസർഗോഡ്	റേഞ്ച് ഫോറസ്റ്റ് ഓഫീസർ (വിജിലൻസ്)	- 1
		ബീറ്റ് ഫോറസ്റ്റ് ഓഫീസർ	- 5
		സെക്ഷൻ ഫോറസ്റ്റ് ഓഫീസർ	- 1

അനുബന്ധം 3

കേരള വനം വകുപ്പ്

(വനം വിജിലൻസ് വിഭാഗം)

വനം വിജിലൻസ് പരാതി രജിസ്റ്റർ

ക്രമ നമ്പർ	*പരാതി റഫറൻസ് നമ്പർ*	*പരാതിയുടെ ചുരുക്കം*	*അന്വേഷണ റിപ്പോർട്ട് റഫറൻസ് നമ്പർ*	**പരാതിയുടെ വിഭാഗം*	*പരാതി ഭാഗികമായി/ പൂർണ്ണമായി തെളിയിക്കപ്പെട്ടു/ ഇല്ല*	*തീർപ്പാക്കിയ തീയതി*

*വനം വിജിലൻസ് പരാതിയുടെ പരിധിയിൽ ഉൾപ്പെടാത്തത്, പരാതിക്കാരനെ തിരിച്ചറിയപ്പെടാത്ത വിജിലൻസ് പരാതി, പരാതിക്കാരനെ തിരിച്ചറിഞ്ഞ് വിജിലൻസ് പരാതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 4

കേരള വനം വകുപ്പ്

(വനം വിജിലൻസ് വിഭാഗം)

പരാതി പരിശോധന

വിഷയം :
സൂചന :
ഫയൽ നമ്പർ :
ഓഫീസ് :

ക്രമ നമ്പർ	*ആരോപണം*	*പരാതിക്കാരന്റെ വിശദാംശങ്ങൾ*	*വനം വിജിലൻസിന്റെ അന്വേഷണ പരിധിയിലെ വിഷയം*	*റിമാർക്സ്*

ഒപ്പ് :
പേര് :
ഔദ്യോഗിക നാമം :
തീയതി :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 5

കേരള വനം വകുപ്പ്

(വനം വിജിലൻസ് വിഭാഗം)

വനം വിജിലൻസ് പരാതി അന്വേഷണ റിപ്പോർട്ട്

ഭാഗം -1

1	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്)	..	
2	വിഷയം	..	
3	പരാതിയുടെ ഇനം	..	1. VIP/Hon. CMO Portal/Others (Docket No. in case of Hon. CMO Portal)
4	സൂചന	..	1. APCCF (V&FI)-ന്റെ കത്ത് നമ്പർ 2. CF (I&E)-യുടെ ഫയൽ നമ്പർ 3. ഡിവിഷൻ നമ്പർ 4. റെയിഞ്ച് ഫയൽ നമ്പർ
5	പരാതിയുടെ സ്വഭാവം	..	വ്യാജപേരിലുള്ള പരാതി/ പേരോ മേൽവിലാസമോ ഇല്ലാത്ത പരാതി/ ശരിയായ പേരും മേൽവിലാസവുമുള്ള പരാതി
6	പരാതിക്കാരന്റെ പേരും മേൽവിലാസവും	..	
7	പരാതി ലഭിച്ച തീയതി	..	
8	ആരോപണങ്ങൾ തെളിയിക്കപ്പെട്ടു/ തെളിയിക്കപ്പെട്ടിട്ടില്ല/ഭാഗികമായി തെളിയിക്കപ്പെട്ടു	..	
9	അന്വേഷണ റിപ്പോർട്ട് സമർപ്പിച്ച തീയതി	..	
10	അന്വേഷണ റിപ്പോർട്ടിന്റെ സ്വഭാവം	..	ഇടക്കാല റിപ്പോർട്ട്/അന്തിമ റിപ്പോർട്ട്
11	ആരോപണങ്ങൾ തെളിയിക്കപ്പെട്ടുവോ എന്ന വിവരം	..	തെളിയിക്കപ്പെട്ടു/തെളിയിക്കപ്പെട്ടിട്ടില്ല/ ഭാഗികമായി തെളിയിക്കപ്പെട്ടു
12	കുറ്റാരോപിതരായ ഉദ്യോഗസ്ഥർ	..	

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭാഗം 2

(1) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (വിജിലൻസ്) :

(2) APCCF (V&FI)-ന്റെ കത്ത്/ഫയൽ നമ്പർ :

(3) പരാതിയുടെ ചുരുക്കം:
(പരാതിയിൽ പരാമർശിച്ചിട്ടുള്ള ആരോപണങ്ങൾ ചുരുക്കത്തിൽ)

(4) അന്വേഷണ വിവരം :
(പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, ഉദ്യോഗസ്ഥർ, പരാതിക്കാരനെ നേരിൽ കേട്ടത്, രേഖപ്പെടുത്തിയ മൊഴികൾ, പരിശോധിച്ച രേഖകൾ, മറ്റു തെളിവുകൾ എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തിയ ഓരോ മൊഴികളുടെയും സംക്ഷിപ്ത വിവരം പ്രത്യേകം പരാമർശിക്കേണ്ടതാണ്)

(5) പരാതിയിലെ പ്രധാന ആരോപണങ്ങളും ആയതിന്മേലുള്ള കണ്ടെത്തലുകളും :
(ഓരോ ആരോപണങ്ങളും പ്രത്യേകം പ്രതിപാദിക്കേണ്ടതും അവയുടെ കണ്ടെത്തലുകൾ തൊട്ടു താഴെ വിവരിക്കേണ്ടതുമാണ്)

(6) അന്വേഷണത്തിൽ കണ്ടത്തിയ പുതിയ വിവരങ്ങൾ :
(പരാതി അന്വേഷണത്തിന്റെ ഭാഗമായി നടത്തിയ വിവര ശേഖരണത്തിനിടയിൽ പുതുതായി കണ്ടെത്തിയ മറ്റു പ്രധാന വസ്തുതകൾ)

(7) ആരോപണങ്ങൾ തെളിയിക്കപ്പെട്ടുവോ/ഭാഗികമായി തെളിയിക്കപ്പെട്ടുവോ :

(8) വീഴ്ച വരുത്തിയ വ്യക്തികൾ/ഉദ്യോഗസ്ഥർ, സംഭവിച്ച വീഴ്ചകൾ :
(ഓരോ കുറ്റക്കാരുടെ വീഴ്ചകൾ സംബന്ധിച്ച വിവരങ്ങളും ആയതിൻമേലുള്ള നിയമ/ചട്ട/മാർഗ്ഗനിർദ്ദേശ ലംഘനങ്ങളും പ്രത്യേകം നൽകേണ്ടതാണ്)

(9) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ :
(കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ PEN, സംഭവ കാലത്ത് സേവനം അനുഷ്ഠിച്ച തസ്തികയും കാലയളവും, നിലവിൽ സേവനം അനുഷ്ഠിക്കുന്ന തസ്തികയും കാലയളവും)

(10) റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന രേഖകൾ :

(11) ടി പരാതി സംബന്ധിച്ച വിഷയത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ പരാമർശിക്കേണ്ടതാണ് :

(12) ശുപാർശ :
സ്വീകരിക്കേണ്ട ശിക്ഷണ/നിയമനടപടികൾ വ്യക്തമായി പ്രതിപാദിക്കേണ്ടതാണ്.

(13) റിപ്പോർട്ടിന്റെ സംക്ഷിപ്തം

ക്രമ നമ്പർ	*ആരോപണം*	*കണ്ടെത്തൽ*	*തെളിവുകൾ*
	ഓരോ ആരോപണവും വളരെ ചുരുക്കി	തെളിയിക്കപ്പെട്ടുവോ ഇല്ലയോ, ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചോ ഇല്ലയോ എന്നീ കാര്യങ്ങൾ മാത്രം	കണ്ടെത്തലുകളെ സാധൂകരിക്കുന്ന മൊഴികൾ, മറ്റു രേഖകൾ എന്നിവ

ഒപ്പ് :
പേര് :
ഔദ്യോഗിക നാമം :
തീയതി :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 6

(വനം വിജിലൻസ് പരാതി നിർവഹണ നയം)

കേരള വനം വകുപ്പ്

(വിജിലൻസ് വിഭാഗം)

വനം വിജിലൻസ് പ്രാഥമിക അന്വേഷണ റിപ്പോർട്ട്

വിഷയം :

സൂചന :

ഫയൽ നമ്പർ :

ഓഫീസ് :

1. ആമുഖം

2. ആരോപണങ്ങൾ

   (a) ……

   (b) ……

3. അന്വേഷണവുമായി ബന്ധപ്പെട്ട വ്യക്തികളുടെ വിവരങ്ങൾ

4. പരിശോധിച്ച/ശേഖരിച്ച രേഖകൾ

5. ആരോപണ വിധേയരായ ഉദ്യോഗസ്ഥർ

6. ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ ട്രാക്ക് റെക്കോർഡ്

7. കണ്ടെത്തലുകൾ

ക്രമ നമ്പർ	*ആരോപണം*	*തെളിവുകൾമേലുള്ള ചർച്ച*	*ആരോപണത്തിനുമേലുള്ള ശുപാർശ*
1			
2			

8. ഉപസംഹാരം

9. പരാതിയിന്മേലുള്ള ശുപാർശകൾ

10. അനുബന്ധങ്ങളുടെ ലിസ്റ്റ്

ഒപ്പ് :
പേര് :
ഔദ്യോഗിക നാമം :
തീയതി :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 7

കേരള വനം വകുപ്പ്

(വിജിലൻസ് വിഭാഗം)

G. O . ..... പ്രകാരമുള്ള

സാക്ഷ്യപത്രം

..... എന്ന നമ്പരായി ..... എന്ന വനം വിജിലൻസ് ഓഫീസിൽ സ്വീകരിക്കപ്പെട്ടതും, എനിക്ക് നേരിട്ട്/തപാൽ/ഇ-മെയിൽ മുഖേന പകർപ്പ് ലഭ്യമാക്കിയതുമായ വനം വിജിലൻസ് പരാതി ഞാൻ പരിശോധിച്ചിട്ടുള്ളതും, ആയതു ഞാൻ/എന്റെ നിർദ്ദേശ പ്രകാരം അന്വേഷണത്തിനായി വനം വിജിലൻസിലേക്ക് കൊടുത്തിട്ടുള്ളതാണെന്നും, പരാതി നൽകിയതിന്റെ ഉത്തരവാദിത്തം ഞാൻ ഏറ്റെടുത്തിട്ടുള്ളതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

*എന്റെ തിരിച്ചറിയൽ രേഖയായ .....-ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ് :

പേര് :

തീയതി :

* Complaint Not to Disclose Himself എന്ന ഗണത്തിൽ ഉൾപ്പെടുന്ന പരാതികൾക്ക് മാത്രം ബാധകം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 8

കേരള വനം വകുപ്പ്
(വിജിലൻസ് വിഭാഗം)

G. O . ..... പ്രകാരമുള്ള

നോട്ടീസ്

പ്രേഷിതൻ

സ്വീകർത്താവ്

സർ,

..... എന്ന നമ്പരായി വനം വിജിലൻസ് രജിസ്റ്റർ ചെയ്തു ..... വനം വിജിലൻസ് ഡിവിഷൻ ഓഫീസിൽ അന്വേഷണം നടത്തിവരുന്ന വനം വിജിലൻസ് പരാതിയുടെ അന്വേഷണത്തിന്റെ ഭാഗമായി/താങ്കളുടെ പേരിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന ആരോപണങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ആയതിൽ താങ്കളുടെ മൊഴി നേരിട്ടു രേഖപ്പെടുത്തുന്നതിനായി .....തീയതി .....ഓഫീസിൽ സന്നിഹിതനാകണമെന്ന് അറിയിക്കുന്നു./അനുബന്ധമായി ചേർത്തിരിക്കുന്ന ചോദ്യാവലി/പ്രസ്താവനകൾക്ക് താങ്കളുടെ വിശദീകരണം/രേഖാമൂലം നേരിട്ടു രേഖപ്പെടുത്തുന്നതിനായി.....തീയതി.....ഓഫീസിൽ സന്നിഹിതനാകണമെന്ന് അറിയിക്കുന്നു./രേഖാമൂലം ഈ ഓഫീസിലേക്ക് ..... തീയതിക്കു മുൻപായി നൽകാൻ അറിയിക്കുന്നു.

സമയ പരിധിക്കകം താങ്കളുടെ വിശദീകരണം മേല്പറഞ്ഞ പ്രകാരം ലഭിക്കാത്ത പക്ഷം ഈ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ അന്വേഷണം പൂർത്തീകരിക്കുന്നതായിരിക്കും.

അന്വേഷണ ഉദ്യോഗസ്ഥൻ,

ഒപ്പ്:

തീയതി: പേര്:

സ്ഥലം: ഉദ്യോഗപ്പേര്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം 9

കേരള വനം വകുപ്പ്
(വിജിലൻസ് വിഭാഗം)
(വിജിലൻസ് പരാതി നിർവഹണ നയം)
G. O . ..... പ്രകാരമുള്ള

നോട്ടീസ്

പ്രേഷിതൻ

സ്വീകർത്താവ്

സർ,

.....എന്ന നമ്പരായി വനം വിജിലൻസ് രജിസ്റ്റർ ചെയ്തു ..... വനം വിജിലൻസ് ഡിവിഷൻ ഓഫീസിൽ അന്വേഷണം നടത്തിവരുന്ന വനം വിജിലൻസ് പരാതിയുടെ അന്വേഷണത്തിന്റെ ഭാഗമായി താങ്കളുടെ ഓഫിസിന്റെ പരിധിയിൽ വരുന്ന താഴെപ്പറയുന്ന ഫയൽ/രേഖകളുടെ ഒറിജിനൽ/ പകർപ്പ് പരിശോധിക്കുന്നതിനായി.....തീയതി ഈ ഓഫീസിൽ ലഭ്യമാക്കുന്നതിനായി അറിയിക്കുന്നു.

1. ..... ഒറിജിനൽ/പകർപ്പ് (ആവശ്യമായത് തെരഞ്ഞെടുക്കുക)

2. ..... ഒറിജിനൽ/പകർപ്പ് (ആവശ്യമായത് തെരഞ്ഞെടുക്കുക)

അന്വേഷണ ഉദ്യോഗസ്ഥൻ,

ഒപ്പ്:

തീയതി: പേര്:

സ്ഥലം: ഉദ്യോഗപ്പേര്:

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.06 08:43:26 +05:30